# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 22**

---

## എം.ജി. സർവകലാശാലയിൽ മികവിന്റെ കേന്ദ്രം മന്ത്രി ആർ. ബിന്ദു നാളെ ഉദ്ഘാടനം ചെയ്യും

*സംസ്ഥാന സർക്കാർ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നാളെ(ഏപ്രിൽ 24) ഉദ്ഘാടനം ചെയ്യും.*

*രാവിലെ 11ന് സർവകലാശാലാ അസംബ്ലി ഹാളിൽ സഹകരണ, തുറമുഖം, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി മുഖ്യ പ്രഭാഷണവും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ് പ്രത്യേക പ്രഭാഷണവും നടത്തും.*

*ശാസ്ത്ര, സാങ്കേതിക, സംരംഭകത്വ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് ഇന്നവേഷൻ എന്ന് അറിയപ്പെടുന്ന കേന്ദ്രം ആരംഭിക്കുന്നത്.*

*ഉന്നത വിദ്യാഭ്യാസ മേഖലയിലെ കണ്ടെത്തലുകളെ ഉത്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റുന്നതിനും വ്യവസായ മേഖലയുമായി സഹകരിച്ച് സംരംഭകത്വ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കേന്ദ്രം ലക്ഷ്യമിടുന്നു. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി സംസ്ഥാനത്ത് ആരംഭിക്കുന്ന ഏഴു കേന്ദ്രങ്ങളിലൊന്നാണിത്.*

*ഭാഭാ ആണവ ഗവേഷണ കേന്ദ്രം മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന അഡ്വാൻസ്ഡ് നോളജ് ആന്റ് റൂറൽ ടെക്നോളജി ഇംപ്ലിമെൻറേഷൻ*

*സെന്ററിന്റെ (അകൃതി) ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവഹിക്കും. ഗ്രാമീണ മേഖലയുടെ പുരോഗതിക്ക് ഉപകരിക്കുന്ന രീതിയിൽ പുത്തൻ ശാസ്ത്ര-സാങ്കേതിക വിദ്യകൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന അകൃതി കേന്ദ്രം സംസ്ഥാനത്ത് ആദ്യമായാണ് ആരംഭിക്കുന്നത്.*

*ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, അഡ്വ. പി.ബി. സതീഷ് കുമാർ, രജിസ്ട്രാർ ബിസ്മി ഗോപാലകൃഷ്ണൻ എന്നിവരും സംസാരിക്കും.*

*ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേംസാഗർ, ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, ഗ്രാമപഞ്ചായത്ത് അംഗം ജോഷി ഇലഞ്ഞിയിൽ എന്നിവർ പങ്കെടുക്കും.*

*(പി.ആർ.ഒ/39/1499/2025)*

## പ്രോജക്ട് വൈവാ വോസി

*നാലാം സെമസ്റ്റർ എംഎ (എംഎച്ച്ആർഎം 2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, എംഎച്ച്ആർഎം (2020 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രൊജക്ട്, വൈവ വോസി പരീക്ഷ മെയ് അഞ്ചിന് നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

.................

*ആറാം സെമസ്റ്റർ ബിഎസ്സി സ്റ്റാറ്റിസ്റ്റിക്സ് മോഡൽ 1 (സിബിസിഎസ് പുതിയ സ്കീം- 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട്, വൈവ വോസി പരീക്ഷ ഏപ്രിൽ 24ന് നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1500/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**